
മാന്യമായ കരാറുണ്ടാക്കി മുന്നോട്ടു പോകാം

ഡോ. സ്കറിയാ സക്കറിയ




സ്വാശ്രയബില്ല് പ്രാബല്യത്തിൽ വന്നാൽ ന്യൂനപക്ഷാവകാശങ്ങൾ ഹനിക്കപ്പെടുമെന്നൊരു പ്രചാരണം ഉയർന്നിട്ടുണ്ട്. ബില്ലിന്റെ അന്തസ്സത്തയെ മുൻവിധികൾ കൂടാതെ തിരിച്ചറിയാനാണ് നാം ശ്രമിക്കേണ്ടത്. ഇതിനാവശ്യം തുറന്ന ചർച്ചകളും ക്രിയാത്മകമായ പ്രവർത്തനങ്ങളുമാണ്. സ്വാശ്രയ ബില്ലിനെക്കുറിച്ച് ഉള്ളിൽ തട്ടിയ ഏതാനും ചില ചിന്തകൾ വായനക്കാരുമായി പങ്കുവയ്ക്കട്ടെ.

ഒന്ന്: പുതിയ സ്വാശ്രയബില്ലിന്റെ വിഷയം അടുത്തകാലത്തുണ്ടായ സ്വാശ്രയപ്രൊഫഷണൽ കോളേജുകൾ മാത്രമാണ്. അവ പ്രത്യേകതരം വിദ്യാലയങ്ങളാണ്. സമൂഹത്തിലെ സമ്പന്നവിഭാഗങ്ങൾക്കു മാത്രം പ്രയോജനപ്പെടുന്ന വിദ്യാലയങ്ങൾ, മദർ തെരേസ പടിയിറങ്ങിപ്പോന്ന ലൊരേത്ത സ്കൂളിനോടാണ് അവയ്ക്കു ചാർച്ച. ലൊരേത്ത സ്കൂളും അതു നടത്തിയിരുന്ന സന്ന്യാസസഭയും വിട്ടിറങ്ങി കൽക്കത്തയിലെ പരമ ദരിദ്രർക്കുവേണ്ടി ബഹുജനസഹായത്തോടെ സാഹസികമായി പ്രവർത്തിച്ച അമ്മയാണ് ഭാരതത്തിലെ ഏറ്റവും ആദരണീയയായ ക്രിസ്ത്യാനി എന്ന് ഓർമ്മിക്കുക. അതുകൊണ്ടു ലൊരേത്ത സ്കൂൾ ക്രിസ്ത്യൻ വിദ്യാലയമല്ലാതായിത്തീരുന്നില്ല. പക്ഷേ ക്രിസ്തീയതയെക്കുറിച്ചുള്ള ചർച്ചയിൽ മദർ തെരേസയുടെ പടിയിറങ്ങൽ ഉജ്ജ്വല മാതൃകയാണ്. അതാണ് ഭാരതത്തിലെ ഉജ്ജ്വല ക്രൈസ്തവ സാക്ഷ്യം.

രണ്ട്: ചരിത്രത്തിലെ നിർണ്ണായകഘട്ടങ്ങളിൽ ക്രൈസ്തവസമൂഹത്തിൽ വീരോചിത മാതൃക കാട്ടാറുള്ളത് സന്ന്യാസിമാരാണ്. നിർഭാഗ്യം എന്നു പറയട്ടെ കേരളത്തിൽ സ്വാശ്രയ വിദ്യാലയങ്ങൾക്കു ദുർമ്മാതൃക നൽകുന്നതു ചില സന്ന്യാസസംഘത്തിലെ സ്കൂളുകളും കോളേജുകളുമാണ്. അൺ എയിഡഡ് സ്കൂളുകൾ, എയിഡഡ് കോളജുകളിലെ അധ്യാപക നിയമനത്തിനുള്ള കോഴ എന്നിവയിൽ ഒരു 'കേരള മോഡൽ' ഈ സ്ഥാപനങ്ങൾ വികസിപ്പിച്ചിരിക്കുന്നു. കേരള

ലൊരേത്ത സ്കൂളും അതു നടത്തിയിരുന്ന സന്ന്യാസസഭയും വിട്ടിറങ്ങി കൽക്കത്തയിലെ പരമ ദരിദ്രർക്കുവേണ്ടി ബഹുജനസഹായത്തോടെ സാഹസികമായി പ്രവർത്തിച്ച അമ്മയാണ് ഭാരതത്തിലെ ഏറ്റവും ആദരണീയയായ ക്രിസ്ത്യാനി എന്ന് ഓർമ്മിക്കുക.



ക്രൈസ്തവ സഭയുടെ നേതൃസമിതികളും സഭാധ്യക്ഷന്മാരും തലവരിപ്പണത്തിനും കോഴപ്പണത്തിനും എതിരെ പലവട്ടം നിർദ്ദേശോപദേശങ്ങൾ നൽകിയിട്ടും ഇവരുടെ സ്ഥാപനങ്ങൾ 'ഏറ്റവും ലാഭകരമായി' പ്രവർത്തിപ്പിക്കാൻ വളഞ്ഞവഴികൾ സ്വീകരിക്കയാണ്.

ആഗോളതലത്തിൽ കത്തോലിക്ക വിദ്യാഭ്യാസത്തിന്റെ നേതൃസ്ഥാനത്തുള്ള ഈശോസഭക്കാരുടെ ഇന്ത്യയിലുള്ള മഹാകലാലയങ്ങൾ - സേവ്യർ കോളേജുകളും ലയോള കോളേജുകളും - അങ്ങനെ സേവനവും മികവും സമന്വയിപ്പിച്ചു അംഗീകാരം നേടുന്നു എന്നു കേരളത്തിലെ പല കത്തോലിക്ക സ്വാശ്രയകോളേജുകളും ചിന്തിക്കുന്നില്ല. ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജ്, വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജ്, ലുധിയാന ക്രിസ്ത്യൻ മെഡിക്കൽ കോളേജ് എന്നിവയുടെ പ്രവർത്തനം മാതൃകയാക്കാനല്ല, കഴിഞ്ഞ രണ്ടു ദശകത്തിനിടയിൽ ഇവിടെ വികസിച്ച ദുഷിച്ച 'കേരളമോഡൽ സ്വാശ്രയ കോളേജിനെ' അനുകരിക്കാനാണ് തുടക്കക്കാരുടെ ശ്രമം.

മൂന്ന്: സ്വാശ്രയകോളേജുകളിൽ തലവരിപ്പണം വ്യാപകമാണ്. പകൽപോലെയുള്ള സത്യം. ഏതു കൊച്ചുകുട്ടിക്കും അറിയാവുന്ന ഇക്കാര്യം വാക്കുകൾകൊണ്ടു മൂടിവയ്ക്കാമെന്ന മോഹം നടപ്പില്ല. സംഭാവന വാങ്ങി പ്രവേശനം നൽകുന്നുണ്ടെങ്കിൽ വാങ്ങുന്നതു തലവരിപ്പണമാണ്. അതിനു മറ്റെന്ത് ഓമനപ്പേരിട്ടു വിളിച്ചാലും തലവരിപ്പണം അല്ലാതാവുന്നില്ല. അതു കണക്കിൽപ്പെടുത്താത്തതുകൊണ്ട് കള്ളപ്പണമാകും. അങ്ങനെ സ്വാശ്രയകോളേജു നടത്തിപ്പുകാർ ഒറ്റയടിക്കു കോഴപ്പണക്കാരും കള്ളപ്പണക്കാരുമാകും. പിന്നെ അവരുടെ കഴുത്തറുപ്പൻ സ്വഭാവം കാട്ടാതെ തരമില്ല.

സ്വാശ്രയ സ്ഥാപനങ്ങളുടെ പണപ്പുളപ്പു കണ്ട് ശതാബ്ദി കഴിഞ്ഞ ചില എയിഡഡ് സ്ഥാപനങ്ങൾകൂടി ഇപ്പോൾ കോഴപ്പണവും തലവരിപ്പണവും പിരിച്ചു തുടങ്ങിയിരിക്കുന്നു. ഇതാണ് ആർത്തിരോഗത്തിന്റെ സ്വഭാവം.

നാല്: കേരളത്തിലെ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭൂരിപക്ഷവും സർക്കാർ സഹായത്തോടെ സുഗമമായി പ്രവർത്തിക്കുന്ന എയിഡഡ് കോളേജുകളും സ്കൂളുകളുമാണ്. സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള ഫീസു നൽകി കുട്ടികൾ പഠിക്കുകയും സർക്കാർ നിരക്കിലുള്ള ശമ്പളം വാങ്ങി അധ്യാപകരും അനധ്യാപകരും ജോലിയെടുക്കുകയും ചെയ്യുന്ന എയിഡഡ് സ്കൂളുകളും കോളേജുകളുമാണ് കേരളീയർക്ക് 'നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ'. ന്യൂനപക്ഷ സമുദായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങൾക്കും ഇന്നും ഇവ 'സ്വന്തം സ്ഥാപനങ്ങളാണ്'. സ്വാശ്രയകോളേജുകളെക്കുറിച്ചു 'സ്വന്തം' എന്നു പറയാൻ നാവുപൊങ്ങുന്ന എത്ര ക്രൈസ്തവർ കേരളത്തിലുണ്ടാകും. അനേകലക്ഷം രൂപ മുടക്കി മക്കൾക്കുവേണ്ടി സീറ്റുകൾ വാങ്ങിച്ചെടുക്കാനും ഉയർന്ന ഫീസു നൽകാനും കഴിയുന്നവർക്കുപോലും ഒരു വാണിജ്യ സ്ഥാപനം എന്ന നിലയിലല്ലാതെ സേവനകേന്ദ്രം എന്ന നിലയിൽ ഇന്നത്തെ

സ്വാശ്രയപ്രൊഫഷണൽ കോളേജുകളെ കാണാനാവുന്നില്ല.

അഞ്ച്: കേരളത്തിലെ നൂറുകണക്കിന് എയിഡഡ് കോളേജുകൾ സുഗമമായി പ്രവർത്തിക്കുന്നതു ഒരു നിയമത്തിന്റെ ബലത്തിലല്ല. സർക്കാരും മാനേജുമെന്റുകളും തമ്മിലുണ്ടാക്കിയ ഉടമ്പടിയനുസരിച്ചാണ്. ഉടമ്പടികൊണ്ട് അവയ്ക്ക് ന്യൂനപക്ഷ സ്വഭാവം നഷ്ടപ്പെട്ടിട്ടില്ല. ആ സ്ഥാപനങ്ങളിൽ മെറിറ്റാണ് പ്രവേശനത്തിനു മുഖ്യമാനദണ്ഡം. ന്യായമായ റിസർവേഷൻ വ്യവസ്ഥകളുണ്ട്. നിശ്ചിത ശതമാനം സീറ്റിൽ മാനേജുമെന്റ് തങ്ങളുടെ സമുദായത്തിൽപ്പെട്ടവരെ മെറിറ്റടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നു. കുറെ സീറ്റിൽ മാനേജുമെന്റ് ഇഷ്ടപ്പടി വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നു. ഇതൊന്നും വിദ്യാലയങ്ങൾ 'സ്ഥാപിച്ചു നടത്താനുള്ള ന്യൂനപക്ഷാവകാശത്തെ' ഭഞ്ജിച്ചതായി ആരോപണമില്ല. എയിഡഡ് കോളേജുകളിലെ ക്രമീകരണം ന്യൂനപക്ഷഭൂരിപക്ഷഭേദത്തെ പെരുപ്പിക്കാതെ കേരളത്തിലെ സാമുദായികബന്ധങ്ങളെ ഉറപ്പിക്കുന്നു. അതായത് വിദ്യാർത്ഥി പ്രവേശനത്തിനു മെറിറ്റുമാനദണ്ഡമാക്കിയാലും പിന്നോക്കക്കാർക്കു റിസർവേഷൻ നൽകിയാലും പൊലിഞ്ഞു പോകുന്നതല്ല ന്യൂനപക്ഷാവകാശം എന്നു എയിഡഡ് കോളേജുകളുടെ മൂന്നു ദശകക്കാലത്തെ അനുഭവം പഠിപ്പിക്കുന്നു.

ആറ്: എല്ലാ കോടതിവിധികളും കേരള സർക്കാരിന്റെ സ്വാശ്രയബില്ലും വിദ്യാർത്ഥി പ്രവേശനം മെറിറ്റടിസ്ഥാനത്തിലായിരിക്കണം, സ്വാശ്രയകോളേജിൽ എന്നു നിർബന്ധിക്കുന്നു. യാതൊരുവിധ തലവരിപ്പണവും പാടില്ലെന്നു വിലക്കുന്നു. എന്താ, ഇതു ന്യൂനപക്ഷാവകാശലംഘനമാകുമോ? ക്രിസ്ത്യൻ സമൂഹം അവരുടെ മനസ്സാക്ഷിയനുസരിച്ചു തലവരിപ്പണത്തെ അനുകൂലിക്കില്ല.

ഏഴ്: കേരളനിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ സ്വാശ്രയനിയമം (2006) ന്യൂനപക്ഷാവകാശം പരിമിതപ്പെടുത്തുന്നു എന്ന വാദമാണ് ഇപ്പോൾ ഉയർന്നു കേൾക്കുന്നത്. ബില്ലിലെ എട്ടാം വകുപ്പ് പരിമിതപ്പെടുത്തുന്നതു സ്വാശ്രയകോളേജുകൾക്ക് ന്യൂനപക്ഷപദവി കിട്ടാനുള്ള സാധ്യതയാണ്. ന്യൂനപക്ഷക്കാർ സ്ഥാപിച്ചു നടത്തുന്ന സ്ഥാപനങ്ങളെല്ലാം ന്യൂനപക്ഷ സ്ഥാപനങ്ങളാണ്. പക്ഷേ, 2005ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ നിയമമനുസരിച്ച് (2006ൽ ഇതിനുണ്ടാക്കിയ ഭേദഗതിയുമനുസരിച്ച്) ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 'ന്യൂനപക്ഷ പദവി' എന്നൊരു സവിശേഷത കൂടി നേടിയെടുക്കാം. ഇതു നേടിയെടുക്കുന്ന ന്യൂനപക്ഷ സ്ഥാപനത്തിനു ഒട്ടേറെ പ്രത്യേക അവകാശങ്ങളുണ്ട്. അവയിൽ രണ്ടെണ്ണം കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ മാത്രമല്ല നമ്മുടെ സാമൂഹികാന്തരീക്ഷത്തിലാകെ വല്ലാതെ താളപ്പിഴകൾ വരുത്തിവയ്ക്കുന്നവയാണ്. ഒന്നാമത് ന്യൂനപക്ഷപദവി ലഭിക്കുന്ന സ്ഥാപനത്തിനു ഇന്ത്യയിൽ എവിടെയുമുള്ള സർവകലാശാലയിൽ അഫിലിയേഷൻ നേടാം. ഉദാഹരണത്തിന് ഛത്തീസ്ഗണ്ഡിലെ സർവകലാശാലാ നിയമമനുസരിച്ച് മിനിമം മാർക്കില്ലാതെ മെഡിക്കൽ കോളേജിൽ പ്രവേശനം നൽകാം എന്നുണ്ടെങ്കിൽ കച്ചവടക്കണ്ണുള്ളവർ എങ്ങനെ അടങ്ങിയിരിക്കും? മറ്റൊന്ന് ന്യൂനപക്ഷപദവി ലഭിച്ചാൽ ആ സ്ഥാപനങ്ങളിൽ തൊണ്ണൂറ്റിമൂന്നാം ഭരണഘടനാഭേദഗതിയനുസരിച്ചുള്ള സംവരണം പിന്നോക്കക്കാർക്കു നൽകേണ്ടതില്ല. ഇതു ക്രൈസ്തവർ ആഗ്രഹിക്കുന്നുണ്ടോ? ഭൂരിപക്ഷ സമുദായക്കാരുടെ സ്വാശ്രയകോളേജിൽ മുസ്ലീങ്ങൾക്കും ലത്തീൻ കത്തോലിക്കർക്കും സംവരണം. ക്രിസ്ത്യാനികളുടെയും മുസ്ലീങ്ങളുടെയും സ്വാശ്രയകോളേജുകളിൽ ആർക്കും സംവരണമില്ല. എങ്ങനെയുണ്ട് ന്യൂനപക്ഷപദവിയുടെ നേട്ടങ്ങൾ? ഇത്തരമൊരു ദുരവസ്ഥ കേരളത്തിലെ സാമൂഹിക സന്തുലനം നശിപ്പിക്കും. സമുദായ മൈത്രി നശിക്കും. കേരളം നൂറ്റാണ്ടുകളിലൂടെ വളർത്തിയെടുത്ത നവോത്ഥാന ചൈതന്യവും നീതിബോധവും അവതാളത്തിലാകും. ഇതിന് ക്രൈസ്തവർ നിമിത്തമാകണോ? ●

